(ഡി) കേരളത്തിലെ വനങ്ങളിലുള്ള ഔഷധഗുണമുള്ള സസ്യങ്ങളെ ആദിവാസികളുടെ സഹായത്തോടെ കണ്ടുപിടിച്ച് അവയുടെ പേറ്റന്റ് നേടിയെടുക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി സർക്കാർ പരിഗണിക്കുന്നുണ്ടോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കേരളത്തിലെ വനങ്ങളിൽ നിന്നും ഔഷധ ചെടികൾ അനധികൃതമായി കടത്തിക്കൊണ്ടു പോകുന്നത് തടയുന്നതിനായി നിലവിലുള്ള വനം വന്യജീവി (സംരക്ഷണം) നിയമം കർശനമായി നടപ്പിലാക്കി വരുന്നു. അമൂല്യങ്ങളായ സസ്യജന്തു ജാലങ്ങളുടെ കള്ളക്കടത്തു തടയുന്നതിന് ജൈവവസ്തുക്കളുടെ കയറ്റിറക്ക് നിയന്ത്രിക്കുന്നതിനും കേന്ദ്രവന പരിസ്ഥിതി മന്ത്രാലയത്തിനുകീഴിൽ നാലുമേഖല ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകൾ (വൈൽഡ്ലൈഫ്) ഡൽഹി, കൽക്കത്ത, മുംബൈ, ചെന്നൈ എന്നീ ആസ്ഥാനങ്ങളിൽ പ്രവർത്തിച്ചു വരുന്നു. ജൈവസമ്പത്തിന്റെ കള്ളക്കടത്തു തടയുന്നതിനും സംരക്ഷണ സംവിധാനം ഫലവത്താക്കുന്നതിനും പഴുതുകളടച്ചുള്ള പുതിയ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ആക്ട് കേന്ദ്ര വനപരിസ്ഥിതി മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലുണ്ട്.

(ഡി) കേരളത്തിലെ വനങ്ങളിലുള്ള ഔഷധ ഗുണമുള്ള സസ്യങ്ങളെ ആദിവാസികളുടെ സഹായത്തോടെ കണ്ടെത്തി ഗവേഷണം നടത്തിവരുന്ന ഒരു സ്ഥാപനമാണ് ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. ഈ സ്ഥാപനത്തിൽ ഇതു സംബന്ധിച്ച് ഗവേഷണങ്ങൾ നടന്നു വരുന്നു. ഔഷധ സസ്യങ്ങളുടെ പേറ്റന്റ് അതേപടി എടുക്കാൻ സാധിക്കുകയില്ല. എന്നാൽ അതു ഗവേഷണം നടത്തി പുതിയ മരുന്നുകൾ കണ്ടെത്തി അതിനെ മാത്രമേ പേറ്റന്റ് ചെയ്യാൻ കഴിയുകയുള്ളൂ.

13 (*347) കാർഷിക രംഗത്ത് യന്ത്രവൽക്കരണം

ശ്രീമതി ആർ. ലതാദേവി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ കർഷക തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നില്ലെന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് കാർഷികരംഗത്ത് യന്ത്രവൽക്കരണം നടപ്പാക്കുന്നതിന് ഉദ്ദേശമുണ്ടോ;

(സി) ഏതെല്ലാം മേഖലയിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നെൽക്കൃഷി മേഖലയിൽ പടിപടിയായി യന്ത്രവൽക്കരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. നിലം ഒരുക്കൽ, ഞാറുനടീൽ, കൊയ്ത്ത്, മെതിക്കൽ, പാറ്റൽ തുടങ്ങിയ രംഗങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കികൊണ്ടിരിക്കുന്നു.

(ഡി) ഗ്രാമപഞ്ചായത്തുകൾ/കർഷകസമിതികൾ/ഹരിജൻസൊസൈറ്റികൾ/സഹകരണബാങ്കുകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി പവ്വർടില്ലറുകളും മെതിയന്ത്രങ്ങളും നൽകി. ഇവ കർഷകർക്ക് വാടകയ്ക്ക് ലഭ്യമാക്കുന്നതാണ്. കൂടാതെ ആറ് കൊയ്ത്തുമെതി പാറ്റ് യന്ത്രങ്ങളും കർഷകർക്ക് വാടകയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നു.

14 (*348) പൊതുമേഖലാ സ്ഥാപനങ്ങളിലെ നികുതി കുടിശ്ശിക

ശ്രീ. പി. രാജു :

ശ്രീ. കെ. പ്രകാശ് ബാബു :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ എന്തു തുകവീതം നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) 31.3.1998 ലെ കണക്കനുസരിച്ച് 14889.33 ലക്ഷം രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരും തുകയും അടങ്ങുന്ന ലിസ്റ്റ് ഇതോടൊപ്പം വയ്ക്കുന്നു. †

(സി) നിയമാനുസരണം കുടിശ്ശിക സംഖ്യകൾ പരമാവധി നേരത്തെ പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക പിരിവ് 'റിവ്യൂ' ചെയ്യാൻ സംസ്ഥാന ജില്ലാതല കോൺഫറൻസുകൾ വിളിച്ചുകൂട്ടി സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക അടയ്ക്കുന്നതിന് സൗകര്യപൂർവം തവണകൾ അനുവദിച്ച് നികുതി കുടിശ്ശിക പിരിവ് പ്രോത്സാഹിപ്പിക്കുന്നു. വകുപ്പിലെ അപ്പലേറ്റ് അതോറിറ്റികൾ സ്റ്റേ നൽകിയിട്ടുള്ള കേസുകളിൽ കാലവിളംബം കൂടാതെ തീരുമാനമെടുക്കാൻ അപ്പലെറ്റ് അസിസ്റ്റന്റ് കമ്മീഷണർമാരുടേയും ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) മാരുടേയും യോഗം വിളിച്ചുകൂട്ടി അപ്പീൽ കേസുകൾ വേഗം തീർപ്പാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഒരു അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ ഒരു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly